"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ നിയമനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഉയർന്ന പ്രായപരിധിയിൽ വർദ്ധനവ് വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ.) വകുപ്പ്**

സ.ഉ.(കൈ) നം.**109/2026/GEDN** തീയതി, തിരുവനന്തപുരം, **22-06-2026**

---

പരാമർശം:-

1. സ.ഉ. (കൈ) നം. **28/2012/P&ARD** തീയതി **20/6/2012**
2. സ.ഉ. (കൈ) നം. **203/2013/GEDN** തീയതി **2/7/2013**
3. സ.ഉ. (കൈ) നം. **8/2026/P&ARD** തീയതി **27/02/2026**
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **09/03/2026** തീയതിയിലെ ഡി.ജി.ഇ/**4446/2026**-എച്ച്2 നമ്പർ കത്ത്.

**ഉത്തരവ്**

കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ മുഖേന നേരിട്ടുള്ള നിയമനങ്ങൾക്ക് അപേക്ഷിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ഉയർന്ന പ്രായപരിധിയിൽ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ നാലു വർഷത്തെ വർദ്ധനവ് വരുത്തി പരാമർശം **(3)** പ്രകാരം ഉത്തരവായിരുന്നു. കേരള വിദ്യാഭ്യാസ നിയമം അധ്യായം **XIV (A)** റൂൾ **1(2)**, അധ്യായം **XXIV (B)** റൂൾ **5** എന്നിവ പ്രകാരം സർക്കാർ സ്കൂളിലെ അധ്യാപകർക്കും അനധ്യാപകർക്കും നിയമനത്തിനു ബാധകമായ പ്രായപരിധിയിലെ ഇളവുകൾ എയ്ഡഡ് സ്കൂൾ അധ്യാപകർക്കും അനധ്യാപകർക്കും ബാധകമാണ്. മേൽസാഹചര്യത്തിൽ, പരാമർശം **(3)** പ്രകാരമുള്ള ഉയർന്ന പ്രായപരിധിയിലെ വർദ്ധനവ്, എയ്ഡഡ് സ്കൂൾ അധ്യാപകരുടേയും അനധ്യാപകരുടേയും നിയമനത്തിന് കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം **(4)** പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പബ്ലിക്

സർവ്വീസ് കമ്മിഷൻ മുഖേന നേരിട്ടുള്ള നിയമനങ്ങൾക്ക് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധിയിൽ നാലു വർഷത്തെ വർദ്ധനവ് വരുത്തിക്കൊണ്ടുള്ള പരാമർശം (3) ഉത്തരവിന്റെ ആനുകൂല്യം, എയ്ഡഡ് സ്കൂൾ അധ്യാപകരുടെയും അനധ്യാപകരുടെയും നിയമനത്തിനും പരാമർശം (3) ഉത്തരവ് തീയതി പ്രാബല്യത്തിൽ ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ ഡി സജിത്ത് ബാബു ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് , തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ& ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ) / പ്രസ്സ് റിലീസ്
എല്ലാ ഹയർസെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും/വൊക്കേഷണൽ ഹയർസെക്കന്ററി അസിസ്റ്റന്റ് ഡയറക്ടർമാർക്കും. (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

**Signed by Johndas D**
**Date: 22-06-2026 19:49:13**

സെക്ഷൻ ഓഫീസർ.